**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 19** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>ദീർഘകാലമായി സേവനമനുഷ്ഠിക്കുന്ന താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ട നടപടി</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | ശ്രീ. വി. ഡി. സതീശൻ |
| ശ്രീ. കെ. പ്രേംകുമാർ | (മുഖ്യമന്ത്രി) |
| ശ്രീ. കെ. യു. ജനീഷ് കുമാർ | |
| ശ്രീ. എം. എസ്. അരുൺ കുമാർ | |

**(എ)** സംസ്ഥാനത്ത് എന്റെ ഭൂമി ഡിജിറ്റൽ സർവേ, ഫിഷറീസ് വകുപ്പിലെ അക്വാകൾച്ചർ പ്രൊമോഷൻ, കുടുംബശ്രീ, കില തുടങ്ങിയ വിവിധ പദ്ധതികളിൽ പത്തുവർഷത്തിലേറെയായി ജോലി ചെയ്തു വന്നിരുന്ന ആയിരക്കണക്കിന് താൽക്കാലിക ജീവനക്കാരെ യാതൊരു മുന്നറിയിപ്പുമില്ലാതെ പിരിച്ച വിട്ട സംഭവത്തിന്റെ ഗൗരവം വിലയിരുത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** വിവരം ശേഖരിച്ചു വരുന്നു.

**(ബി)** എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അപേക്ഷ ക്ഷണിച്ച് പരീക്ഷയും അഭിമുഖവും നടത്തി യോഗ്യതയുടെ അടിസ്ഥാനത്തിൽ സുതാര്യമായി നിയമിക്കപ്പെട്ട ഡിജിറ്റൽ സർവ്വേ ജീവനക്കാരെ രാഷ്ട്രീയ നിയമനങ്ങളാണെന്ന് ആരോപിച്ച് പിരിച്ചുവിട്ടത് രാജ്യത്തിന് തന്നെ മാതൃകയായിരുന്ന പദ്ധതിയെ അട്ടിമറിക്കാനാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഫിഷറീസ് വകുപ്പിന് കീഴിൽ 2008 മുതൽ ജോലി ചെയ്തുവരുന്ന അക്വാകൾച്ചർ പ്രൊമോട്ടർമാരെ നാലു മാസത്തെ ശമ്പള കുടിശ്ശിക നിലനിൽക്കെ 2026 ആഗസ്റ്റ് 31-ന് പിരിച്ചു വിട്ടിട്ടുണ്ടോ ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** കുടുംബശ്രീയിലുൾപ്പെടെയുള്ള ജീവനക്കാരുടെ കരാർ പുതുക്കുന്നത് ചില പ്രത്യേക രാഷ്ട്രീയ നേതൃത്വങ്ങളുടെ ഇടപെടലിനെത്തുടർന്ന് തടഞ്ഞുവച്ചിരിക്കുകയാണെന്ന കാര്യം വസ്തുതാപരമാണോ എന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഇ)** ദീർഘകാലമായി സ്തുത്യർഹമായ സേവനമനുഷ്ഠിക്കുന്ന താൽക്കാലിക ജീവനക്കാരെ രാഷ്ട്രീയ കാരണങ്ങളാൽ പിരിച്ചുവിടുന്ന നടപടികൾ പുനഃപരിശോധിക്കാനും നിർത്തിവെച്ച ഡിജിറ്റൽ സർവ്വേ ഉൾപ്പെടെയുള്ള പദ്ധതികൾ പുനരുജ്ജീവിപ്പിച്ച് പിരിച്ചുവിടപ്പെട്ട മുഴുവൻ ജീവനക്കാരെയും തിരിച്ചെടുക്കാനും അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**